# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2012 ഡിസംബർ 18, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തര പ്രമേയം

കൊടുംവരൾച്ച മൂലമുള്ള കൃഷിനാശം

മി. സ്പീക്കർ : സംസ്ഥാനത്താകെ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള കൊടുംവരൾച്ചയിൽ കാർഷിക വിളകൾ നശിച്ച് എല്ലാത്തരം കർഷകരും പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, വി. ചെന്താമരാക്ഷൻ, മാത്യു.ടി.തോമസ്, എ.എ.അസീസ്, എ.കെ ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : കാലാവസ്ഥാ വ്യതിയാനംമൂലമുള്ള മഴയുടെ കുറവ്, ഊഷ്മാവ് വ്യതിയാനം എന്നിവ കാർഷിക വിളകളെ ബാധി

ച്ചിരിക്കുന്നതിനാൽ കർഷകർ ബുദ്ധിമുട്ടിലായിരിക്കുകയാണ്. തെക്കു പടിഞ്ഞാറൻ കാലവർഷത്തിലുണ്ടായ കുറവുമൂലം തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളെ വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചിരുന്നെങ്കിലും മഴ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ജില്ലകളെ വരൾച്ച ബാധിച്ചിരിക്കുകയാണ്. വരൾച്ചബാധിത ജില്ലകളിൽ 1995.39 കോടി രൂപയുടെ നഷ്ടമുണ്ടായതായി കേന്ദ്രത്തിൽ നിവേദനം കൊടുത്തതനുസരിച്ച് വരൾച്ചയെക്കുറിച്ച് പഠിക്കുന്നതിനായി ഒമ്പത് അംഗ കേന്ദ്ര സംഘം ഒക്ടോബർ മാസത്തിൽ സംസ്ഥാനത്ത് സന്ദർശനം നടത്തുകയുണ്ടായി. നാശനഷ്ടങ്ങളുടെ കണക്കിലുൾപ്പെടുത്തിയതിൽ വൈദ്യുതി ഉത്പാദനത്തിൽ വന്ന നഷ്ടവും ഉൾപ്പെട്ടതിനാൽ ഇത് കേന്ദ്ര സർക്കാരിന്റെ നോംസിൽ വരുന്നതല്ല. വരൾച്ചയെ നേരിടുന്നതിന് ആവശ്യമായ മുൻകരുതലുകൾ സർക്കാർ സ്വീകരിച്ചിട്ടുള്ളതിന്റെ ഭാഗമായി ഓരോ ജില്ലയിലും ചുമതലയുള്ള മന്ത്രിമാർ യോഗം വിളിച്ചുകൂട്ടുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ ഒരു യോഗം 19-12-2012-ന് തിരുവനന്തപുരത്ത് ചേരുന്നതും മറ്റ് ജില്ലകളിലെ സ്ഥിതിഗതികൾകൂടി വിലയിരുത്തി തീരുമാനം കൈക്കൊള്ളുന്നതുമാണ്. കുടിവെള്ളത്തിന്റെയും കൃഷി നാശത്തിന്റെയും കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതും ഇക്കാര്യത്തിൽ വിവിധ തലങ്ങളിൽനിന്നുമുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ച് ഗവൺമെന്റ് തലത്തിൽ ചെയ്യാൻ കഴിയുന്ന കാര്യങ്ങളെല്ലാം ചെയ്യുന്നതുമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : വരൾച്ചമൂലം സംസ്ഥാനം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനാവശ്യമായ നടപടികളൊന്നും സർക്കാർ സ്വീകരിച്ചുകാണുന്നില്ല. മൺസൂൺ മഴയിലുണ്ടായ കുറവുമൂലം നാല് ജില്ല

കളെ വരൾച്ച ബാധിത ജില്ലകളായി പ്രഖ്യാപിച്ചെങ്കിലും വരൾച്ചയെ നേരിടുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടില്ല. ഭക്ഷ്യധാന്യോത്പാദനത്തിൽ പത്ത് ശതമാനം കുറവ് വരുമെന്ന് കേന്ദ്ര കൃഷി വകുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽനിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട വിഹിതം നേടിയെടുക്കാനോ കൃഷിനാശ ഭീഷണി നേരിടുന്ന ചിറ്റൂരിലെ അമ്പതിനായിരം ഏക്കർ സ്ഥലത്തെ നെൽകൃഷിയെ സംരക്ഷിക്കാനോ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. തമിഴ്നാട് സർക്കാരുമായി ഗവൺമെന്റ് തലത്തിൽ ചർച്ച നടത്തി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതോടൊപ്പം കൃഷിയിറക്കാൻ തയ്യാറാകുന്ന കർഷകരെ സഹായിക്കാൻ നടപടികൾ സ്വീകരിക്കണം. വരൾച്ചമൂലം സംസ്ഥാനത്തെ പഴം, പച്ചക്കറി മേഖലകളിലുണ്ടാകുന്ന കൃഷിനാശത്തിന് പരിഹാരം കാണണം. തെന്മല ഡാമിലെ ജലത്തിന്റെ അളവിലുണ്ടായിരിക്കുന്ന ഗണ്യമായ കുറവുമൂലം കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കുടിവെള്ളത്തിനും ജലസേചനത്തിനും രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. തുലാവർഷത്തെ തുടർന്ന് ജലസമൃദ്ധമാകേണ്ട പല ജലസ്രോതസ്സുകളേയും ഇന്ന് വരൾച്ച ബാധിച്ചിരിക്കുകയാണ്. നെൽകൃഷിക്കാർക്ക് കൃത്യമായി കൊടുത്തിരുന്ന പെൻഷൻ തുക തുടർന്നുകൊടുക്കാനും നാളികേര സംഭരണം നടത്താനും ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കൃഷിനാശം സംബന്ധിച്ച കൃത്യമായ കണക്കെടുത്ത് കേന്ദ്രത്തിന് സമർപ്പിക്കാനും ആശ്വാസ നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകണം. കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണത്തിനായി നടപടി സ്വീകരിക്കണം. നെൽകർഷകരും നാളികേരകർഷകരും എടുത്തിട്ടുള്ള കടങ്ങൾ എഴുതിത്തള്ളാനും കർഷകാശ്വാസ നടപടി സ്വീകരിക്കാനും വേണ്ട ഇടപെടലുകൾ നടത്തണം.

കൊടും വരൾച്ചമൂലമുള്ള കൃഷിനാശത്തെക്കുറിച്ച് സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : വരൾച്ചയുടെ രൂക്ഷത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. വരൾച്ച ബാധിതപ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള നാല് ജില്ലകൾക്കുവേണ്ടി അതാത് കളക്ടർമാർ ആവശ്യപ്പെടുന്ന തുക കൊടുത്തിട്ടുണ്ട്. വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നത്തിന് കൊല്ലത്ത് ആറ്റൂർക്കോണം കുടിവെള്ള പദ്ധതിയുടെ ഭാഗമായി പമ്പ് വാങ്ങുന്നത് സംബന്ധിച്ച പ്രശ്നം അന്വേഷിക്കുന്നതാണ്. മറ്റ് മാനദണ്ഡങ്ങൾ പരിഗണിക്കുമ്പോൾ കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളും വരൾച്ച ബാധിത പ്രദേശങ്ങളാണ്. സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി 19-12-2012-ന് ചേരുന്ന യോഗത്തിൽ ഏതൊക്കെ ജില്ലകൾ വരൾച്ച ബാധിതപ്രദേശങ്ങളായി ഉൾപ്പെടുത്തണമെന്നും കർഷകർക്ക് പ്രയോജനകരമായ എന്തൊക്കെ തീരുമാനമെടുക്കണമെന്നും ജില്ലകൾക്ക് ആവശ്യാനുസരണം തുക കൊടുക്കുന്നതിനും പ്രത്യേകമായി തീരുമാനമെടുക്കും. ചിറ്റൂർ താലൂക്കിലെ കൃഷിനാശം പരിഹരിക്കുന്നതിനും ആളിയാർ-പറമ്പിക്കുളം പദ്ധതിയിയിലൂടെ ചിറ്റൂർ മേഖലകളിൽ വെള്ളം ലഭ്യമാക്കുന്നതിനും സർക്കാർ ഒന്നും ചെയ്യുന്നില്ലെന്ന പരാതി അടിസ്ഥാനരഹിതമാണ്. കരാറനുസരിച്ചുള്ള വെള്ളം ലഭ്യമാകുന്നതിൽ കുറവുവന്നത് തമിഴ്നാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും പോസിറ്റീവായ പ്രതികരണമുണ്ടാകാത്തതിനാൽ ജലവിഭവ വകുപ്പുമന്ത്രി തമിഴ്നാട്ടിലെ ബന്ധപ്പെട്ട വകുപ്പുമന്ത്രിയെ നേരിൽ കാണുന്നതിനായി സമയം ചോദിച്ചുകൊണ്ട് കത്തെഴുതിയിട്ടുണ്ട്. അതിനും റെസ്പോൺസില്ലെങ്കിൽ കരാർ അനുസരിച്ച് വെള്ളം ലഭ്യമാക്കുന്നതിന് തമിഴ്നാട് മുഖ്യമന്ത്രിയുമായി ബന്ധപ്പെടുന്നതാണ്. നദിക

ളിലെ വെള്ളത്തിന്റെ നിരപ്പ് കുറയുന്നതും, വെള്ളം മലിനപ്പെടുത്തുന്നതും തുല്യപ്രാധാന്യത്തോടുകൂടിക്കണ്ടുകൊണ്ട് സർക്കാർ പ്രവർത്തിക്കുന്നതാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണം കൂടി അഭ്യർത്ഥിക്കുകയാണ്. 400 രൂപയായി വർദ്ധിപ്പിച്ച കർഷക പെൻഷൻ കുടിശ്ശിക ഉൾപ്പെടെ കൊടുക്കുന്നതിനായി 16 കോടി രൂപ അലോട്ട് ചെയ്യുകയും ഈ മാസം തന്നെ അത് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്. പച്ചത്തേങ്ങ സംഭരിച്ച് കൊപ്രയാക്കുന്നതിനുവേണ്ടി സൊസൈറ്റികൾക്ക് ക്വിന്റലിന് 500 രൂപ വച്ച് ഇൻസെന്റീവ് കൊടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പാലക്കാട് ജില്ലയിലെ നെൽകർഷകർക്ക് കാലാവസ്ഥാവ്യതിയാനത്തെ തുടർന്ന് ഉണ്ടാകുന്ന കൃഷിനാശത്തിന് ഇൻഷ്വറൻസ് സ്കീം കൊണ്ടുവരുന്നതാണ്. കശുമാവ് കൃഷിക്കുള്ള പൈലറ്റ് സ്കീം പാലക്കാട്, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്. കുരുമുളക് കൃഷിക്കുവേണ്ടി വയനാട്, ഇടുക്കി ജില്ലകളിൽ നടപ്പാക്കുന്ന പൈലറ്റ് സ്കീം വിജയകരമായാൽ കേരളത്തിലൊട്ടാകെ ഇത് വ്യാപിപ്പിക്കുന്നതിനും നെല്ല്, കശുമാവ്, കുരുമുളക് എന്നീ വിളകൾക്കുമാത്രമുള്ള സ്കീം മറ്റ് പതിനേഴ് വിളകൾക്കുകൂടി നടപ്പാക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് ജില്ലകളെയാണ് വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിരിക്കുന്നത്. ബാക്കിയുള്ള ജില്ലകളെ സംബന്ധിച്ച് റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ ഗവൺമെന്റ് ഉൾക്കൊള്ളുന്നതാണ്. വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. വരൾച്ച ബാധിത പ്രദേശങ്ങളിൽ

കുടിവെള്ളം നൽകിയ ഇനത്തിലുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നിർദ്ദേശം നൽകുന്നതാണ്. നിലവിലുള്ള കുടിവെള്ള സ്കീമുകളിൽ റിപ്പയർ നടത്തിയാൽ പൂർണ്ണതോതിൽ പ്രവർത്തിക്കാൻ കഴിയുന്ന പ്രോജക്ടുകൾ പ്രവർത്തനക്ഷമമാക്കാനും നിശ്ചിത സമയത്തിനുള്ളിൽ പണി പൂർത്തീകരിക്കാൻ സാധിക്കുന്ന പ്രോജക്ടുകൾക്കാവശ്യമായ ഫണ്ട് നൽകാനും പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ.എ. അസീസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയ ശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) ഭക്ഷ്യസുരക്ഷാ നിയമം കർശനമാക്കേണ്ടതിന്റെ ആവശ്യകത**

ശ്രീ. എം. ഉമ്മർ : 2011 മുതൽ പ്രാബല്യത്തിൽ വന്ന ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് ആക്റ്റ് സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കണം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദന കേന്ദ്രങ്ങൾ മുതൽ വിപണന കേന്ദ്രങ്ങൾ വരെയും ഭക്ഷണം പാചകം ചെയ്തു വിൽക്കുന്ന ഹോട്ടലുകളുടെ പാചകശാലകൾ വരെയും പരിശോധന നടത്തണം. ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷാ കമ്മീഷനെ ആദ്യമായി നിയമിച്ച സംസ്ഥാനം കേരളമാണ്. ഭക്ഷണശാലകളിൽ ഒരു പരിധി വരെ വൃത്തിയുള്ള സാഹചര്യങ്ങൾ ഉറപ്പു

വരുത്താൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നതും അതിലുൾപ്പെടുന്ന കീടനാശിനികളുടെ അളവും സംബന്ധിച്ച് പരിശോധന നടത്തണം. സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പരിശോധനയ്ക്കായി ആകെ 83 ഉദ്യോഗസ്ഥർ മാത്രമാണുള്ളത്. എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരെ നിയമിക്കാനും പി.എഫ്.എ. ആക്ട് പ്രകാരം ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാനും നടപടി സ്വീകരിക്കണം. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളിൽ പരിശോധന കർശനമാക്കണം. ഹോട്ടലുകളുടെ കുടിവെള്ള സ്രോതസ്സുകൾ മാലിന്യ വിമുക്തമാക്കാൻ നടപടിയുണ്ടാകണം. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബറേഷൻ ലബോറട്ടറീസിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ലാബുകൾ ആരംഭിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം. സേഫ് ഫുഡ് എന്ന അവസ്ഥയിലേയ്ക്ക് മാറുമ്പോൾ സാനിട്ടറി കണ്ടീഷൻ, ഹൈജീനിക് മെത്തേഡ്, തൊഴിലാളികളുടെ മെഡിക്കൽ ഫിറ്റ്നെസ്സ്, ഭക്ഷ്യവസ്തുക്കളുടെ സ്റ്റോറേജ്, ട്രാൻസ്പോർട്ടേഷൻ എന്നിവയുടെ പരിശോധനയും തദ്ദേശഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകി വന്നിരുന്ന ചുമതലയും ഫുഡ് സേഫ്റ്റി ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്തമാകും. അഡ്ജുഡിക്കേറ്റിംഗ് ഓഫീസർമാരെ നിയമിക്കാനും പുതിയ നിയമത്തിനുകീഴിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരങ്ങൾ നൽകിക്കൊണ്ടുള്ള സ്പെഷ്യൽ കോടതികളുടെ പട്ടിക വിജ്ഞാപനം ചെയ്യാനും നിയമത്തിൽ അനുശാസിക്കുന്ന പ്രകാരം ട്രൈബ്യൂണൽ രൂപവൽക്കരിക്കാനും നടപടിയുണ്ടാകണം. ഹോട്ടലുകൾ, ഭക്ഷണശാലകൾ, എന്നിവയ്ക്ക് ലൈസൻസ് രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതോടൊപ്പം അത് ഓൺ-ലൈൻ വഴി നടപ്പി

ലാക്കുന്നതിനും നടപടി സ്വീകരിക്കണം. അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തുക്കൾ പരിശോധിക്കാനായി മൊബൈൽ ലാബുകളും സ്ഥിരം ലാബുകളും ഓരോ ചെക്ക് പോസ്റ്റിനോടും ചേർന്ന് സ്ഥാപിക്കണം. 2006-ലെ ഫുഡ് സേഫ്റ്റി ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികളുണ്ടാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ.വി.എസ്. ശിവകുമാർ): 2006-ലെ കേന്ദ്ര ഭക്ഷ്യ-സുരക്ഷാ ഗുണനിലവാര നിയമം കർശനമായി നടപ്പിലാക്കുന്നതുവഴി മായം ചേർക്കൽ തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സാധിക്കും. പഴങ്ങളിലും പച്ചക്കറികളിലും മത്സ്യത്തിലും അമിതമായ തോതിൽ കീടനാശിനി തളിച്ചും രോഗം ബാധിച്ച കോഴിയിറച്ചിയും മറ്റു മാംസങ്ങളും അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്താറുണ്ട്. ഇതിനെതിരെ അതാതു സംസ്ഥാനങ്ങളിലെ ഫുഡ് സേഫ്റ്റി കമ്മീഷണറുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യപദാർത്ഥങ്ങൾ പരിശോധിക്കുന്നതിന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ മൂന്ന് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടുതൽ ഫലപ്രദമായ പരിശോധനാ റിപ്പോർട്ടുകൾ ലഭിക്കുന്നതിന് മറ്റ് റിസർച്ച് സ്ഥാപനങ്ങളിലേയും വിവിധ പരിശോധനാ കേന്ദ്രങ്ങളിലേയും സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ഭക്ഷണ വിതരണ സ്ഥാപനങ്ങളിൽ റെയ്ഡ് നടത്തി പിഴ ഈടാക്കുകയും ചെയ്തു വരുന്നു. ഹോട്ടലുകളുടേയും റസ്റ്റോറന്റുകളുടേയും പ്രവർത്തനങ്ങൾ

മെച്ചപ്പെടുത്താനായി ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വഴിയോര കച്ചവടക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നതോടൊപ്പം ക്രിസ്തുമസ്, ന്യൂ ഇയർ ആഘോഷങ്ങളോടനുബന്ധിച്ച് ഭക്ഷ്യവിഷബാധ ഉണ്ടാകാതിരിക്കാൻ വ്യാപകമായ റെയ്ഡും പരിശോധനയും നടത്തുന്നുണ്ട്. സംസ്ഥാനത്തെ ലാബുകൾക്ക് എൻ.എ.ബി.എച്ച് അക്രഡിറ്റേഷൻ ലഭിക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. ഡെപ്യൂട്ടി കളക്ടറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ അഡ്ജൂഡിക്കേഷൻ ഓഫീസറായി ഉടൻ തന്നെ നിയമിക്കുന്നതാണ്.

### (2) കൊച്ചി അഴിമുഖത്തെ മത്സ്യമേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. എസ്. ശർമ്മ: കൊച്ചി അഴിമുഖത്തും പരിസര പ്രദേശങ്ങളിലുമുള്ള മത്സ്യത്തൊഴിലാളികളുടെ ഊന്നിവലകളും ചീനവലകളും വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മാറ്റികൊടുക്കേണ്ടിവന്നെങ്കിലും അവർക്ക് പോർട്ട് ട്രസ്റ്റ് അധികാരികൾ യാതൊരു കോംപൻസേഷനും നൽകിയിട്ടില്ല. മത്സ്യസമ്പത്തുകൊണ്ട് സമൃദ്ധമായ കൊച്ചി തീരക്കടലിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും അവരുടെ ആശ്രിതരും ഉപതൊഴിലുകളിലേർപ്പെട്ടിട്ടുള്ള കച്ചവടക്കാരും ആഭ്യന്തര വിപണി സമൃദ്ധമാക്കുന്നതിനും വിദേശനാണ്യം നേടിത്തരുന്നതിനും ഗണ്യമായ സംഭാവന നൽകുന്നുണ്ട്. രാജ്യ സുരക്ഷയുടെ പേരിൽ മുനമ്പത്തിനും ചെല്ലാനത്തിനുമിടയിൽ മത്സ്യ ബന്ധനം തടയുവാനുള്ള നീക്കത്തിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ഉൽകണ്ഠാകുലരാണ്. കൊച്ചിക്ക് 19.5 കി.മി. പടിഞ്ഞാറ് എസ്.പി.എം. പ്രദേശത്ത് മത്സ്യബന്ധന നിരോധനം നിലവിലുണ്ട്. കൊച്ചിയുടെ

തീരത്തുള്ള എൽ.എൻ.ജി. ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ എന്നിവയുടെ സുരക്ഷയ്ക്കാണ് നാവികസേന മത്സ്യബന്ധന നിരോധനം ആവശ്യപ്പെട്ടത്. ഈ സ്ഥാപനങ്ങൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം മത്സ്യ ത്തൊഴിലാളികളുടെ സംരക്ഷണവും ഉറപ്പു വരുത്തണം. മത്സ്യ-അനുബന്ധ തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡുകൾ നൽകണം. തീരപ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഫലമായി ഉണ്ടായിട്ടുള്ള നീരൊഴുക്കിന്റെ വ്യത്യാസംമൂലം ഉൾനാടൻ മേഖലയിലെ മത്സ്യസമ്പത്തിന് ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. കൊച്ചി തീരപ്രദേശത്തെ ജനപ്രതിനിധികളുടേയും തൊഴിലാളി സംഘടനകളുടേയും യോഗം അടിയന്തിരമായി വിളിച്ചു ചേർക്കുന്നതോടൊപ്പം തൊഴിലുപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ.ബാബു): വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കൊച്ചി അഴിമുഖത്തും പരിസര പ്രദേശങ്ങളി ലുമായി തൊഴിലും തൊഴിലുപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കൾക്ക് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കുന്നതിന് നഷ്ടപരിഹാര പുനരധി വാസ പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. റോഡ് കണക്ടിവിറ്റിയ്ക്കായുള്ള നഷ്ടപരിഹാര തുക നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും ലഭ്യമായാൽ മാത്രമേ ഒന്നാം ഘട്ട നഷ്ടപരിഹാരത്തുക വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. രണ്ടാംഘട്ട നഷ്ടപരിഹാരത്തുകയുടെ പാക്കേജ് അംഗീകരിച്ചിട്ടുണ്ട്. കൊച്ചി തീരപ്രദേശത്ത് രാജ്യരക്ഷയുടെ പേരിൽ അപ്രഖ്യാപിത മത്സ്യബന്ധന നിരോധനമില്ല. എൽ.എൻ.ജി ടെർമി നൽ രണ്ട് നോട്ടിക്കൽ മൈൽ ചുറ്റളവിൽ മത്സ്യബന്ധനം നിരോധിക്കാൻ

പോകുന്നൂയെന്ന് പ്രചരിപ്പിച്ച് ചില സംഘടനകൾ സമരത്തിനൊരുങ്ങിയതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ ജനപ്രതിനിധികളും നേവി-സി.ഐ.എസ്.എഫ്. മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തൊഴിലാളി പ്രതിനിധികളും പങ്കെടുത്തിരുന്നു. സുരക്ഷയുടെ ഭാഗമായി എൽ.എൻ.ജി. ടെർമിനലിനു ചുറ്റുമുള്ള പ്രദേശം നിയന്ത്രിത മേഖലയായി പരിഗണിച്ച് ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരുമായി ആലോചിക്കുമെന്നാണ് നേവി അറിയിച്ചിട്ടുള്ളത്. മത്സ്യബന്ധന നിരോധനം നടത്താൻ സംസ്ഥാന സർക്കാർ ആലോചിച്ചിട്ടില്ല. എൽ.എൻ.ജി. ടെർമിനൽ പരിസരത്ത്

മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്ക് ബയോമെട്രിക് കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചതോടൊപ്പം മത്സ്യബന്ധന നിയന്ത്രണംമൂലം പ്രയാസമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള ഒരു പാക്കേജിന് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വീണ്ടും യോഗം ചേരുന്നതാണ്.

**<u>സബ്മിഷൻ</u>**

**(1) <u>സർവ്വീസ് പെൻഷൻകാരുടെ പ്രശ്നങ്ങൾ</u>**

<u>ശ്രീ. റ്റി. എൻ. പ്രതാപൻ:</u> കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സംഘടനാ നേതാക്കന്മാരുമായി ചർച്ച നടത്തുന്നതിനും പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി):</u> പെൻഷൻകാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയി

ട്ടുണ്ട്. പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യു ന്നതിന് സംഘടനാ നേതാക്കന്മാരുടെ യോഗം വിളിച്ചുചേർക്കുന്നതാണ്.

## (2) ജവാന്റെ മൃതദേഹത്തോട് അനാദരവ്

ശ്രീ. പുരുഷൻ കടലുണ്ടി: ഉത്തരാഖണ്ഡിൽ വച്ച് മരണമടഞ്ഞ ബാലുശ്ശേരിക്കാരനായ ലാൻസ്നായിക് ശ്രീജിത്തിന്റെ സംസ്കാര ചടങ്ങിൽ സൈനിക ബഹുമതി നിഷേധിച്ചതു സംബന്ധിച്ച് അന്വേഷിക്കുന്നതിനും ശ്രീജിത്തിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൃത്യനിർവ്വഹണത്തിനിടയിൽ മരണ പ്പെട്ട സൈനികന്റെ ഭൗതികശരീരം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടും ജില്ലാ സൈനിക വെൽഫയർ ഓഫീസറും ചേർന്ന് സ്വീകരിച്ചു വസതിയിലെ ത്തിക്കുകയും സർക്കാരിനുവേണ്ടി റീത്ത് വയ്ക്കുകയും മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽനിന്നും 15,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സൈനിക ബഹുമതി നൽകേണ്ട ചുമതല മിലിട്ടറി വിഭാഗ ത്തിനാണ്. ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ബന്ധപ്പെട്ട കേന്ദ്രങ്ങളെ അറിയി ക്കുന്നതോടൊപ്പം ശ്രീജിത്തിന്റെ കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാക്കു ന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

## (3) പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും ജീവനക്കാർക്ക് ശമ്പള

പരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ഗാർഡനറെ പിരിച്ചുവിട്ട നടപടി പുന:പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളകുടിശ്ശിക കുറച്ച് നൽകിയിട്ടുണ്ട്. ഗാർഡനറെ പിരിച്ചുവിട്ട നടപടി അന്വേഷിക്കുന്നതാണ്.

(4) പ്രാദേശിക പത്രപ്രവർത്തകർക്കായി നീക്കിവച്ച തുക

ശ്രീ. രാജു എബ്രഹാം: പ്രാദേശിക പത്രപ്രവർത്തകർക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക ചെലവഴിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പത്രപ്രവർത്തകരുടെ ക്ഷേമത്തിനായി പ്രഖ്യാപിച്ചിരുന്ന തുകയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ ആയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തുകയും സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏത് പ്രദേശത്തുള്ള പത്രപ്രവർത്തകരെ ഉൾപ്പെടുത്തണമെന്ന കാര്യത്തിൽ ധാരണ ഉണ്ടായാൽ മാത്രമേ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഈ സാമ്പത്തിക വർഷം നടപടി പൂർത്തിയാക്കുന്നതാണ്.

(5) അക്ഷയ കേന്ദ്രങ്ങളുടെ കാര്യക്ഷമത

ശ്രീ. എളമരം കരീം: പ്രാദേശിക അക്ഷയകേന്ദ്രങ്ങളിൽനിന്നും സംസ്ഥാന അക്ഷയ കേന്ദ്രം കമ്മീഷൻ ഈടാക്കുന്ന നടപടി അവസാനിപ്പി

ക്കുന്നതിനും അക്ഷയകേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി): അക്ഷയ കേന്ദ്രങ്ങളെ സ്വയംതൊഴിൽ സംരംഭമെന്ന നിലയിൽ വിജയിപ്പിക്കാനുള്ള നടപടി മാത്രമേ സർക്കാർ സ്വീകരിക്കുകയുള്ളൂ. അക്ഷയ കേന്ദ്രങ്ങളെ നിരുത്സാഹപ്പെടുത്തുന്ന സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല.

(6) മൂടാടി കെൽട്രോൺ യൂണിറ്റിന്റെ വികസനം

ശ്രീ. കെ. ദാസൻ: കൊയിലാണ്ടിയിലെ മൂടാടി കെൽട്രോൺ യൂണിറ്റിൽ വൈദ്യുതി മീറ്റർ, ഫിഷറീസ് വകുപ്പിനുവേണ്ട ഉപകരണങ്ങൾ, സോളാർ പാനൽ എന്നിവ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിച്ച് പ്രസ്തുത യൂണിറ്റിനെ തകർച്ചയിൽനിന്നും രക്ഷിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി): കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടിയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിൽ എൽ.ഇ.ഡി. ലൈറ്റ് നിർമ്മാണവും വാർഷിക മൊത്തവില്പനയും വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള എസ്.എം.ടി. അസംബ്ലിംഗ് യൂണിറ്റ് കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. മൂന്ന് വർഷം ദൈർഘ്യമുള്ള ഇലക്ട്രോണിക്സ് ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിന് എൻ.ടി.ടി.എഫുമായി ചർച്ച നടത്തിവരുന്നു

(7) വിഭിന്നശേഷിയുള്ളവരുടെയും മാനസിക വൈകല്യമുള്ളവരുടെയും സംരക്ഷണം

ശ്രീ. പി.കെ. ഗുരുദാസൻ: വികലാംഗരുടെയും മാനസിക വൈകല്യമുള്ളവരുടെയും സംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം, പുനരധിവാസം

എന്നിവയ്ക്ക് സജീവ പരിഗണന നൽകി ബി.പി.എൽ. വിഭാഗത്തിന് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കണം

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): വിഭിന്ന ശേഷിയുള്ളവരുടെയും മാനസികവൈകല്യമുള്ളവരുടെയും സംരക്ഷണത്തിന് ആശ്വാസകിരണം, ചികിത്സാസഹായം, വിഭിന്ന ശേഷിയുള്ള പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം തുടങ്ങിയ പദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്നു. ബധിര-മൂക വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദതലം വരെ ആധുനിക വിദ്യാഭ്യാസം നിഷ് വഴി നൽകുന്നതോടൊപ്പം സംസാരിക്കാൻ കഴിവില്ലാത്ത അഞ്ച് വയസ്സി നുതാഴെയുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തുന്നതിന് 5 ലക്ഷം രൂപവീതം നൽകിവരുന്നു. മാനസിക വൈകല്യമുള്ളവരുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി ഡോ. എം.കെ. ജയരാജിനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. 40 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്നതിന് ഇളവ് അനുവദിച്ചിട്ടുണ്ട്. 2001 വരെ എംപ്ലോയ്മെന്റു വഴി നിയമിതരായ വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി യതോടൊപ്പം 2003 വരെ നിയമിതരായവരെക്കൂടി പരിഗണിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

### (8) ശക്തൻ തമ്പുരാന്റെ അർദ്ധകായ പ്രതിമ

ശ്രീ. അൻവർ സാദത്ത്: ആലുവയിലെ കാഞ്ഞൂരിൽ പുതിയേടം ക്ഷേത്ര ത്തിനു മുമ്പിലുള്ള പൊതുവേദിയിൽ ശക്തൻ തമ്പുരാന്റെ അർദ്ധകായ പ്രതിമ സ്ഥാപിച്ച് ശക്തൻ സ്ക്വയർ നിർമ്മിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കാഞ്ഞൂരിൽ ശക്തൻ തമ്പുരാന്റെ അർദ്ധകായ പ്രതിമ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി.യുടെ അനുവാദം വാങ്ങേണ്ടതുണ്ട്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ സഹ കരണത്തോടുകൂടി പ്രസ്തുത ആവശ്യം പരിഗണിക്കുന്നതിന് ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്.

## (9) വരൾച്ചബാധിത പ്രദേശം

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കുന്നതിനും അവിടത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ദുരന്ത സാദ്ധ്യതാ അപഗ്രഥന സെൽ പാലക്കാട് ജില്ലയിൽ 50 ശതമാനംവരെ മഴക്കു റവുള്ളതായി വിലയിരുത്തിയ സാഹചര്യത്തിൽ ഈ ജില്ലയെ വരൾച്ച ബാധിത ജില്ലയായി പ്രഖ്യാപിക്കുന്നതിന് കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജു മെന്റ് അതോറിറ്റി യോഗം ചേർന്ന് തീരുമാനമെടുക്കുന്നതാണ്. എല്ലാ ജില്ലക ളിലും വരൾച്ച രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (10) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. വി. ശശി: അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെയും പൂത്തുറ താഴമ്പള്ളി പ്രദേശത്തെയും മത്സ്യത്തൊഴിലാളികളെ മത്സ്യഗ്രാമം പദ്ധതി യിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സി.ഡബ്ല്യു.പി.ആർ.എസ്. ന്റെ പഠന റിപ്പോർട്ടിനെ അടിസ്ഥാനമാക്കി നിർമ്മിക്കുന്ന മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന് 31.2 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആർ.കെ.വി.വൈ -യിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ വ്യവസ്ഥ പ്രകാരം പാലത്തിന്റെ പ്രാഥമിക നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ പ്രൈസ് ബിഡ്സ് ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനിക്കുന്നതാണ്. പ്രവൃത്തി ആരംഭിച്ച് പതിനെട്ട് മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. പെരുമാതുറ താഴമ്പള്ളി പാലം 21 കോടി രൂപ ചെലവിൽ നബാഡ് സ്കീമിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. ഈ പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്ത് ആൾതാമസം ഇല്ലാത്തതിനാൽ പുനരധിവാസ പ്രശ്നങ്ങൾ നിലവിലില്ല. അഞ്ചുതെങ്ങ് സംയോജിത മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. പന്ത്രണ്ടായിരം വീടുകൾ മൂന്ന് വർഷംകൊണ്ട് നിർമ്മിക്കാനുള്ള പദ്ധതിയിൽ അഞ്ചുതെങ്ങും ഉൾപ്പെടുന്നുണ്ട്.

## (11) മദ്യനയം

ശ്രീ. വി. പി. സജീന്ദ്രൻ: മദ്യനയം കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സംസ്ഥാന സർക്കാരിന്റെ മദ്യനയം ഹൈക്കോടതി റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയെ സമീപിച്ച് സ്റ്റേ ആവശ്യപ്പെട്ടെങ്കിലും

അനുവദിച്ചില്ലെന്ന് മാത്രമല്ല കേസ് എട്ടാഴ്ചത്തേയ്ക്ക് നീട്ടിവയ്ക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ അപേക്ഷിച്ചവർക്ക് ലൈസൻസ് കൊടുക്കേണ്ടിവന്നു. ഇതിനെ മറികടക്കാൻവേണ്ടി പഞ്ചായത്ത് നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പഞ്ചായത്തിന്റേയും കോർപ്പറേഷന്റേയും അനുമതിയോടുകൂടിമാത്രമേ ബാറുകൾക്ക് ലൈസൻസ് കൊടുക്കാവൂ എന്ന ഓർഡിനൻസ് കൊണ്ടുവന്നിട്ടുണ്ട്. മദ്യ വിരുദ്ധസമിതിയും സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ട്. കോടതികളുടെ ഇടപെടൽമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി മറികടക്കാൻ എങ്ങനെ സാധിക്കുമെന്ന് പരിശോധിക്കുന്നതാണ്. ഹൈക്കോടതി നേരത്തെ പുറപ്പെടുവിച്ച വിധി മറികടക്കാൻ സാധ്യമാണോ എന്ന് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

### (12) <u>ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി</u>

<u>ശ്രീ. എം. ചന്ദ്രൻ:</u> കുഴൽമന്ദം, തേങ്കുറിശ്ശി കണ്ണാടി ഗ്രാമപഞ്ചായത്തുകൾക്കുള്ള സമഗ്ര ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി അടിയന്തരമായി പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി. ജെ. ജോസഫ്):</u> കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി ഗ്രാമ പഞ്ചായത്തുകളിൽ ശുദ്ധജലമെത്തിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ 2785 ലക്ഷം രൂപ അടങ്കൽ തുകയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 1500 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 1300 ലക്ഷം രൂപ അടങ്കൽ തുകയുള്ള രണ്ടാംഘട്ട പ്രവൃത്തികളുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് എസ്.എൽ.എസ്.സി.സി-യിൽ സമർപ്പിച്ചപ്പോൾ 700 ലക്ഷം

രൂപയായി ചുരുക്കിയതിനാൽ ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## (13) കനോലികനാൽ വികസനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: കനോലി കനാൽ വികസനം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): മലപ്പുറം ജില്ലയിലെ കനോലി കനാലിന്റെ വികസനപ്രവർത്തനങ്ങളുടെ ഭാഗമായി പൊന്നാനി, താനൂർ, കൊണ്ടോട്ടി മണ്ഡലങ്ങളിലായി ജലപാതയുടെ ഏകദേശം 3 കിലോമീറ്റർ നീളത്തിൽ പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ നടത്തുകയുണ്ടായി. പുതുക്കിയ ഭരണാനുമതി പ്രകാരം 6 കോടി രൂപയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്. അതുപ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. താനൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കനോലി കനാലിന് ശരാശരി വീതി 30 മീറ്ററാണ്. നഗരത്തോട് ചേർന്ന് നിൽക്കുന്ന കനോലി കനാലിന്റെ ഭാഗങ്ങളിലുണ്ടായ മാലിന്യ നിക്ഷേപം പൂർണമായും ഒഴിവാക്കുന്നതിന് ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തണം. ഇതിൽ നിർണ്ണായക പങ്കുവഹിക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്. കനാലിന്റെ തീരം സംരക്ഷിക്കുകയും ആഴം കൂട്ടി ഗതാഗത യോഗ്യമാക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും ജലവിഭവ വകുപ്പ് നടപ്പാക്കുന്നതാണ്.

## (14) പാറ്റൂർ കുടിവെള്ള പദ്ധതി

ശ്രീ. ആർ. രാജേഷ്: മാവേലിക്കര മണ്ഡലത്തിലെ നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): മാവേലിക്കര നിയോജകമണ്ഡലത്തിലെ പാറ്റൂർ കുടവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ചുനക്കര നൂറനാട് പഞ്ചായത്തും, രണ്ടാംഘട്ടത്തിൽ പാലമേൽ പഞ്ചായത്തുമാണ് ഉൾപ്പെട്ടിട്ടുള്ളത്. അച്ചൻകോവിലാറ്റിൽ ഇടത്തോളിൽ നിലവിലുള്ള കിണറും പമ്പ്ഹൗസുമാണ് ഈ പദ്ധതിക്ക് പ്രയോജനപ്പെടുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും ഉൾപ്പെടെ 1145 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടത്തോളിൽനിന്നും പാറ്റൂരിലേയ്ക്കുള്ള പൈപ്പ് ലൈനിന്റേയും ശുദ്ധീകരണ ശാലയുടെയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ജലസംഭരണികളുടെയും ട്രാൻസ്മിഷൻ ലൈനുകളുടെയും പണികൾക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ട്. ശുദ്ധീകരണശാലയിൽ ഇലക്ട്രിസിറ്റി കണക്ഷൻ ലഭിച്ചാലുടൻ പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്യാൻ കഴിയും. പാറ്റൂരിൽ നിലവിലുള്ള ഉന്നതജല സംഭരണികളും വിതരണശൃംഖലയും ഉൾപ്പെടുത്തി ജലവിതരണം നടത്താനും പദ്ധതിയുടെ ബാക്കി എല്ലാ പണികളും പൂർത്തീകരിച്ച് 2013 ഡിസംബറോടുകൂടി പൂർണ്ണമായി പ്രവർത്തനസജ്ജമാക്കാനും ലക്ഷ്യമിട്ടിരിക്കുകയാണ്.

## (15) മുനയം സ്ഥിരം ബണ്ട് നിർമ്മാണം

ശ്രീമതി ഗീതാ ഗോപി: നാട്ടിക നിയോജകമണ്ഡലത്തിലെ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാനും കുടിവെള്ളം സംരക്ഷിക്കാനും മുനയത്ത് സ്ഥിരം ബണ്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കരുവന്നൂർ പുഴയിൽ മുനയത്ത് സ്ഥിരം റെഗുലേറ്റർ നിർമമാണത്തിനായി 6.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. റഗുലേറ്റർ നിർമ്മിക്കുന്ന സ്ഥലം കടലിനോട ടുത്തായതുകൊണ്ട് വേലിയിറക്കത്തിന്റെ സ്വാധീനം കൂടുതലാണെന്നും വെള്ളത്തിന്റെ ആഴം 9 മീറ്ററോളം ഉണ്ടെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. വേലിയിറക്ക സമയത്ത് അണ നിർമ്മിക്കുവാനും അതിനു മുകളിൽ പരമാവധി സംഭരണ നിരപ്പ് വരെ ഷട്ടർ ഇടാനുമുള്ള രൂപകൽപ്പനയ്ക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. എന്നാൽ പദ്ധതിച്ചെലവ് അധികമായതിനാൽ പുനർ രൂപകല്പന ചെയ്യാൻ തീരുമാനിച്ചുള്ള ഡിസൈൻ ലഭിച്ചാലുടൻ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. താൽക്കാലിക ചിറയുടെ പണി ഡിസംബർ മാസത്തോടുകൂടി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തവണ ഉപ്പുവെള്ളം കയറുന്ന ഭീഷണി ഒഴിവാക്കാൻ കഴിയും .

## (16) പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം

(ഈ വിഷയത്തിൽ ശ്രീ. പി.സി. വിഷ്ണുനാഥും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി.എസ്. സുനിൽ കുമാർ : സർക്കാർ സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപികമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാനും പ്രസ്തുത തസ്തികയിലേയ്ക്ക് ബാലസേവിക കോഴ്സ് പാസ്സായ പ്രവർത്തി പരിചയമുള്ള

അദ്ധ്യാപികമാരെ ഉൾപ്പെടുത്താനും നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ടീച്ചർമാർക്കും ആയമാർക്കും നൽകുന്ന ഓണറേറിയം ഇവർക്കും ലഭിക്കത്തക്ക വിധത്തിൽ ഉത്തരവ് നൽകാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : 05-07-1988-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് നടത്തിയിരുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിന് എസ്.എസ്.എൽ.സി.യും സർക്കാർ അംഗീകൃത പ്രീ-പ്രൈമറി ടീച്ചേഴ്സ് സർട്ടിഫിക്കറ്റുമാണ് യോഗ്യതയായി നിശ്ചയിച്ചിരുന്നത്. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് 2005 മുതൽ രണ്ടുവർഷ ദൈർഘ്യമുള്ള കോഴ്സായി മാറ്റിയതനുസരിച്ച് പാഠ്യ പദ്ധതിയിൽ മാറ്റം വരുത്തുകയും ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ പഠിച്ചവരെ മാത്രം നിയമിച്ചാൽ മതിയെന്ന് നിഷ്കർഷിക്കുകയും ചെയ്തിരുന്നു. മറ്റുള്ള കാര്യങ്ങളിൽ വിശദമായ പരിശോധനയ്ക്ക് ശേഷം യുക്തമായ തീരുമാനങ്ങളെടുക്കുന്നതാണ്.

### (17) മേപ്പാടി പോളിടെക്നിക്കിൽ ജീവനക്കാരുടെ നിയമനം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ : 500 -ഓളം വിദ്യാർത്ഥികൾ പഠിക്കുന്ന വയനാട്ടിലെ മേപ്പാടി പോളിടെക്നിക്കിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) :വയനാട് ജില്ലയിലെ മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിൽ ലക്ചറർമാരുടെ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള എച്ച്.ഒ.ഡി. തസ്തിക നികത്തു

ന്നതിന് സാധിച്ചിട്ടില്ല. ഒഴിവുള്ള ഫോർമാൻ, ട്രേഡ് ഇൻസ്ട്രക്ടർ, ഡെമോൺസ്ട്രേറ്റർ തസ്തികകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. കായംകുളം വനിതാ പോളിടെക്നിക്കിലേയ്ക്ക് ആറ് മാസത്തേയ്ക്ക് ഷിഫ്റ്റ് ചെയ്യപ്പെട്ട കമ്പ്യൂട്ടർ ട്രേഡ് ഇൻസ്ട്രക്ടർ തസ്തിക കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് മേപ്പാടി പോളിടെക്നിക്കിൽ പുന:സ്ഥാപിക്കുന്നതും എ.ഐ.സി.ടി.ഇ. നോംസ് അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതുമാണ്.

### (18) എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം

ശ്രീ. ഹൈബി ഈഡൻ : സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകിക്കൊണ്ടിരുന്ന ആനുകൂല്യം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : പ്രീമെട്രിക് തലത്തിൽ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ സർക്കാർ അംഗീകരിച്ച ലംപ്സംഗ്രാന്റ്, ട്യൂഷൻ ഫീസ് എന്നിവയും യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ എന്നിവയിലെ അൺഎയ്ഡഡ് കോഴ്സുകൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിലും ആനുകൂല്യം നൽകിവരുന്നുണ്ട്. അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗങ്ങൾക്ക് സർക്കാർ/ യൂണിവേഴ്സിറ്റി എന്നിവ നിശ്ചിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. അഖിലേന്ത്യാ പ്രവേശന പരീക്ഷകളിൽ സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സർക്കാർ/യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും മറ്റാനുകൂല്യങ്ങളും നൽകി

വരുന്നുണ്ട്. സർക്കാർ നിയന്ത്രിത അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകൾക്ക്പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റ് അർഹ വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റ്, റിസർവ്വേഷൻ, മാനേജ്മെന്റ് ക്വോട്ട മാന ദണ്ഡങ്ങൾ പരിഗണിക്കാതെ നിലവിലുള്ള ആനുകൂല്യം നൽകിവരുന്നുണ്ട്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽകുമാർ) : സ്വാശ്രയ കോളേജുകളിൽ എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, ബി.എസ്.സി. നഴ്സിംഗ് തുടങ്ങിയ കോഴ്സുകൾക്ക് മെറിറ്റ് ക്വോട്ടയിലൂടെ സീറ്റ് ലഭ്യമാകുന്നവർക്ക് എസ്.സി. വകുപ്പ് ആനുകൂല്യം കൊടുക്കുന്നുണ്ട്. 2010-ലെ ഉത്തരവിന്റെ അടിസ്ഥാന ത്തിൽ നിർത്തിവച്ച ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

(19) എസ്.എസ്.എ., ഐ.ഇ.ഡി.സി. അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. ജോസഫ് വാഴയ്ക്കൻ : റിസോഴ്സ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ഉദാരമാക്കി ശമ്പളം വർദ്ധിപ്പിക്കുന്നതിനും തൊഴിൽ സ്ഥിരത ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സംസ്ഥാനത്തെ പതിനാല് ജില്ലകളിലായി കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന 1459 റിസോഴ്സ് അദ്ധ്യാപകർക്ക് പ്രതിമാസം പതിനായിരം രൂപ ഓണറേറിയവും 500 രൂപവരെ യാത്രാപ്പടിയും 2012 ഏപ്രിൽ മുതൽ നൽകിവരുന്നുണ്ട്. പ്രവർത്തനം തൃപ്തികരമായ റിസോഴ്സ് അദ്ധ്യാപകരുടെ കരാർ കാലാവധി ഒരുവർഷത്തേയ്ക്ക് പുതുക്കിനൽകുന്നുണ്ട്. മാനവശേഷി വികസന മന്ത്രാല യത്തിന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം എസ്.എസ്.എ. നിയമനങ്ങൾ

ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ കരാർ അടിസ്ഥാനത്തിലോ മാത്രമേ നട ത്താൻ പാടുള്ളുവെന്നതിനാൽ സ്ഥിര നിയമനം നടത്താൻ സാധിക്കില്ല. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്. വഴി പ്രത്യേക പരിഗ ണന വേണ്ടുന്ന കുട്ടികളെ സഹായിക്കുന്നതിന് കരാറടിസ്ഥാനത്തിൽ നിയമി ച്ചിട്ടുള്ള റിസോഴ്സ് അദ്ധ്യാപകരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിന് തീരുമാ നിച്ചിട്ടുണ്ട്.

## (20) ഐ.എച്ച്.ആർ.ഡി.-ക്ക് സർവ്വകലാശാലാ പദവി

ശ്രീ. ആർ. സെൽവരാജ് : ഐ.എച്ച്.ആർ.ഡി.ക്ക് സർവ്വകലാശാല പദവി നൽകുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്) : സാങ്കേതിക സർവ്വകലാശാല ഉടൻതന്നെ നിലവിൽ വരുന്ന സാഹചര്യത്തിൽ ഐ.എച്ച്. ആർ.ഡി.-ക്ക് സർവ്വകലാശാലാ പദവി നൽകുന്ന കാര്യം പ്രസക്തമല്ല.

**മേശപ്പുറത്തുവച്ച കടലാസുകൾ:**

ചട്ടം 47(2), ചട്ടം 236 (5), ചട്ടം 236 (6) അനുസരിച്ചുള്ള കടലാസു കൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം:**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പന്ത്രണ്ട് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

. **ധനകാര്യം**

## 2012–13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2012–13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിൽ ഒരു വ്യവസായവും കൊണ്ടുവരാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്ന കേന്ദ്രപ്രതിരോധ വകുപ്പുമന്ത്രിയുടെ പ്രസ്താവന യു.ഡി.എഫ്. സർക്കാരിന്റെ ഭരണപരാജയത്തെയാണ് കാണിക്കുന്നത്. സ്ത്രീകൾക്കുനേരെ വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിന് കഴിയുന്നില്ല. മാനസികാരോഗ്യ ആശുപത്രിയിൽപോലും രോഗികൾ കൊലചെയ്യപ്പെടുന്ന സ്ഥിതിവിശേഷം ഈ സർക്കാരിന്റെ കാലത്തുണ്ടായിരിക്കുകയാണ്. നിയമസഭ പാസ്സാക്കിയ തുക പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാത്ത സർക്കാരിന് ഉപധനാഭ്യർത്ഥനകളുമായി സഭയെ സമീപിക്കാൻ അർഹതയില്ല. 2012–13 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനം അവതാളത്തിലാകുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സ്തംഭിച്ചിരിക്കുകയുമാണ്. വിഭവ സമാഹരണം നടത്തുന്നതിൽ ലക്ഷ്യത്തിലെത്താനും നികുതി വരുമാനം വർദ്ധിപ്പിക്കാനും ഗവൺമെന്റിന് സാധിച്ചില്ല. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിച്ചു. നികുതി, പാട്ടക്കുടിശ്ശിക മുതലായവ പിരിക്കുന്നതിലും കേന്ദ്രത്തിൽനിന്ന് അർഹമായ വിഹിതം വാങ്ങിയെടുക്കുന്നതിലും

സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർ സംസ്ഥാനവികസനത്തിനുവേണ്ടി എന്തൊക്കെ സംഭാവനകളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കണം. പാലക്കാട് കോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, വിഴിഞ്ഞം ഹാർബർ, കണ്ണൂർ വിമാനത്താവളം, മെട്രോ റെയിൽ തുടങ്ങിയ കേരളത്തിന്റെ സ്വപ്ന പദ്ധതികളെല്ലാം ആരംഭ ദിശയിൽത്തന്നെയാണ്. ഒരുലക്ഷം യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിനായി വകയിരുത്തിയ 500 കോടി രൂപയിൽ വെറും 19 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. തൊഴിൽരഹിതരുടെ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ഭൂമാഫിയ വളർന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ ഭൂപരിഷ്ക്കരണ ഭേദഗതി നിയമം റദ്ദാക്കണം. പങ്കാളിത്ത പെൻഷനെതിരെ ജനുവരി 8 മുതൽ സർക്കാർ ജീവനക്കാർ ആഹ്വാനം നൽകിയ അനിശ്ചിതകാല പണിമുടക്കിന് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും പിന്തുണയുണ്ടാകും. വൈദ്യുതി ചാർജ്, ബസ് ചാർജ്, പാൽ, കുടിവെള്ളം മുതലായവയുടെ വില വർദ്ധിപ്പിക്കുകയും റേഷൻ സാധനങ്ങൾ ലഭ്യമാക്കാതിരിക്കുകയും ചെയ്യുന്ന നടപടി പ്രതിഷേധാർഹമാണ്.

<u>ശ്രീ. കെ. മുരളീധരൻ</u> : ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. ഉപതെരഞ്ഞെടുപ്പുകളിൽ യു.ഡി.എഫ്.-ന് വിജയം കൈവരിക്കാൻ സാധിച്ചത് സർക്കാരിന്റെ ഭരണനേട്ടമാണ്. ഇച്ഛാശക്തിയോടുകൂടി മുന്നോട്ടുപോകുന്ന സർക്കാരാണിത്. വികസനത്തിൽ പിന്നോക്കം നിൽക്കുന്ന മേഖലകളെ മുന്നോട്ടുകൊണ്ടുവരാനുള്ള പ്രത്യേക ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. വിദ്യാഭ്യാസ മേഖല അഭിവൃദ്ധിപ്പെടുത്താനും ആധുനിക രീതിയിലുള്ള പരിശീലനം

നൽകാനും കഴിയണം. വിദ്യാഭ്യാസ രംഗത്ത് കൂടിയാലോചനകളിലൂടെ പുരോഗമനപരമായ മാറ്റങ്ങൾ വരുത്തണം. കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് 65 മീറ്റർ വീതിയിൽ നാഷണൽ ഹൈവേ വികസിപ്പിക്കാൻ നടപടിയുണ്ടാകണം. കൊച്ചി മെട്രോ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി. തിരുവനന്തപുരം മോണോ റെയിൽ പ്രോജക്ടിനും തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. മാലിന്യ സംസ്ക്കരണ വിഷയത്തിൽ സംസ്ഥാന സർക്കാരും കോർപ്പറേഷൻ അധികാരികളും ചേർന്ന് സമന്വയത്തിലൂടെ പരിഹാരം കണ്ടാൽ മാത്രമേ പകർച്ചവ്യാധി ഭീഷണിയിൽനിന്ന് ജനങ്ങളെ വിമുക്തരാക്കാൻ സാധിക്കുകയുള്ളൂ. വിളപ്പിൽശാല മാലിന്യ സംസ്ക്കരണ പ്ലാന്റ് അടച്ചുപൂട്ടുന്നതിനുമുമ്പ് പുതിയ മാർഗങ്ങൾ കണ്ടുപിടിച്ച് പ്രവർത്തനം ഘട്ടംഘട്ടമായി നിറുത്തലാക്കുന്നതായിരുന്നു കൂടുതൽ ഉചിതം. സംസ്ഥാന സർക്കാർ വാങ്ങിയ മൊബൈൽ സംസ്ക്കരണ യൂണിറ്റും ഇപ്പോൾ തകരാറിലായിരിക്കുകയാണ്. പുതിയ വൈദ്യുത പദ്ധതികളെ എതിർക്കുന്ന സമീപനം ശരിയല്ല. വികസന പ്രവർത്തനങ്ങളിൽ രാഷ്ട്രീയകക്ഷി ഭേദമെന്യേ എല്ലാവരും ഒത്തൊരുമിച്ച് പ്രവർത്തിക്കണം.

<u>ശ്രീ. കെ. രാജു :</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിയമസഭ പാസ്സാക്കിക്കൊടുക്കുന്ന തുക ചെലവഴിക്കാൻ സാധിക്കാത്ത ഗവൺമെന്റാണ് സംസ്ഥാനത്ത് ഭരണം നടത്തുന്നത്. കഴിഞ്ഞ കാലങ്ങളിൽ ശക്തമായി നടപ്പിലാക്കിക്കൊണ്ടിരുന്ന പൊതുവിതരണ സമ്പ്രദായം തകർക്കുകയും റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തിരുന്ന നടപടി നിറുത്തുലാക്കുകയും ചെയ്തത് പ്രതിഷേധാർഹമാണ്.

സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്ന റേഷൻ സബ്സിഡി ബാങ്കുകളിലൂടെ നൽകാനുള്ള തീരുമാനം പുന:പരിശോധിക്കണം. നിയോജകമണ്ഡലങ്ങളിലെ വികസന കാര്യങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ കാണിക്കുന്ന പക്ഷപാതപരമായ സമീപനം ജനാധിപത്യ ഗവൺമെന്റിന് ഭൂഷണമല്ല. പുനലൂർ താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരുടേയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും എണ്ണം വർദ്ധിപ്പിക്കണമെന്ന ദീർഘനാളുകളായിട്ടുള്ള ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കണം. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് പുതിയ സബ് കോടതികൾ അനുവദിക്കുന്നതിനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും നടപടിയുണ്ടാകണം.

<u>ശ്രീ. സി. മോയിൻകുട്ടി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ റോഡുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും ആവശ്യമായ തുക മാറ്റി വച്ചത് ശ്ലാഘനീയമാണ്. എമേർജിംഗ് കേരളയിലൂടെ സംസ്ഥാനത്ത് നിരവധി സംരംഭകരെ കൊണ്ടുവരാൻ നടത്തിയ ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കണ്ണൂർ യൂണിവേഴ്സിറ്റി, കുസാറ്റ്, ഐ.എച്ച്.ആർ.ഡി., പോലീസ് വകുപ്പ്, കിൻഫ്ര മുതലായവയ്ക്കുള്ള ഫണ്ട് ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയത് സ്വാഗതാർഹമാണ്. കായിക മേഖലയിൽ ദേശീയ തലത്തിൽ അംഗീകാരം നേടിയ പാവപ്പെട്ട കുട്ടികൾക്ക് ആശ്വാസം നൽകാൻ ആവശ്യമായ ഫണ്ട് കണ്ടെത്തണം. ആരോഗ്യ മേഖലയിൽ മാറാരോഗങ്ങൾക്ക് ചികിത്സ ഏർപ്പെടുത്താനും സംസ്ഥാനത്തെ കോളനി നിവാസികളുടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും പരിഗണന നൽകണം. സർക്കാർ സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് മുന്തിയ പരിഗണന നൽകണം. കാർഷിക മേഖലയ്ക്ക് വേണ്ട പരിഗണന നൽകുന്നതിനും നാളികേര കർഷകരുടെ പ്രശ്നങ്ങൾക്ക് അടിയന്തര

പരിഹാരം കാണുന്നതിനും എല്ലാ പഞ്ചായത്തുകളിലും നാളീകേരം സംഭരിച്ച് സംഭരണ വില ഉറപ്പുവരുത്തുന്നതിനും മലയോര-കുടിയേറ്റ മേഖലയിൽ ഇടത്തട്ടുകാരുടെ ചൂഷണം ഇല്ലാതാക്കുന്നതിനും നടപടി സ്വീകരിക്കണം. കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കർഷകരേയും കൃഷിയേയും സംരക്ഷിക്കാനായി സൗരോർജ്ജ വേലി സ്ഥാപിക്കണം. വാഹനങ്ങളുടെ ബാഹുല്യം നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കണം. തിരുവമ്പാടി നിയോജകമണ്ഡലം ഉൾപ്പെട്ട പ്രദേശങ്ങളിൽ ഉരുൾപൊട്ടലിൽ ജീവനും സ്വത്തിനും നാശനഷ്ടം സംഭവിച്ചവർക്ക് വേണ്ട സഹായം നൽകുന്നതിനും തകർന്ന റോഡുകൾ പുന:സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. ആസ്തി വികസന ഫണ്ടായി 5 കോടി രൂപ അനുവദിച്ചത് അഭിനന്ദനാർഹമാണ്. .

ചീഫ് വിപ്പ് (<u>ശ്രീ. പി.സി. ജോർജ്):</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപക്ഷാംഗങ്ങളിൽ നിന്നുണ്ടായ അനുകൂല പ്രതികരണം സർക്കാരിന്റെ നല്ലരീതിയിൽ മുന്നോട്ടു പോകുന്നു എന്നതിന്റെ തെളിവാണ്. മതേതര നിലപാടുകൾ സ്വീകരിച്ചിരുന്ന മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി ജാതി രാഷ്ട്രീയത്തിലേയ്ക്ക് നീങ്ങുന്ന സൂചനകളാണ് സമീപ കാലത്ത് കാണാൻ സാധിക്കുന്നത്. ദളിത് വിഭാഗങ്ങളുടെ പിൻബലത്തിൽ വിവിധ കാലഘട്ടങ്ങളിൽ അധികാരത്തിലേറിയ മാർക്സിസ്ററ്-കമ്മ്യൂണിസ്റ്റ് പാർട്ടി ഇന്ന് അവരിൽ നിന്നും അകലുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. കേരളത്തിലെ ഏതെങ്കിലുമൊരു യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് പട്ടിക ജാതിക്കാരനായ ഒരാളെ നിയമിക്കണം.

ശ്രീ. ജി. സുധാകരൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2012-13 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ടിൽ 28 ശതമാനം തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. നിയോജകമണ്ഡലങ്ങളിൽ വികസനത്തിന് ഫണ്ട് അനുവദിക്കുന്നതിൽ വിവേചനം കാണിക്കുന്ന നടപടി ശരിയല്ല. കേരളത്തിന്റെ കടബാധ്യത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നിയമത്തിൽ ഭേദഗതി വരുത്തി ദേവസ്വം ബോർഡ് മെമ്പർമാരുടെ പ്രായം 45 വയസ്സായി നിജപ്പെടുത്തിയ നടപടി ശരിയല്ല.

ശ്രീ. സണ്ണി ജോസഫ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പദ്ധതികളുമായി മുന്നോട്ടുപോകുന്ന സർക്കാർ നടപടി സ്വാഗതാർഹമാണ്. കാരുണ്യ ലോട്ടറിയിലൂടെ ആലംബഹീനരെ സഹായിച്ച നടപടി ശ്ളാഘനീയമാണ്. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതിക്ക് തുടക്കം കുറിച്ചതും ലോകബാങ്ക് സഹായത്തോടെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചതും അഭിനന്ദനാർഹമാണ്. പ്രകൃതിദുരന്ത ദുരിതാശ്വാസ തുക വർദ്ധിപ്പിക്കുകയും നഷ്ടപരിഹാര പാക്കേജ് നടപ്പിലാക്കുകയും ചെയ്തത് സ്വാഗതാർഹമാണ്.

ഡോ. കെ. ടി. ജലീൽ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. . മാഫിയാ സംഘങ്ങളെ സഹായിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. പ്രകൃതി വിഭവ ചൂഷകരെ നേരിടാൻ കക്ഷിരാഷ്ട്രീയഭേദമെന്യേ ഒന്നിച്ചണിനിരക്കാൻ തയ്യാറാകണം. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന സാമുദായിക സൗഹാർദ്ദത്തെ വിഷലിപ്തമാക്കാനാണ് ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പെരിന്തൽമണ്ണയിൽ

ആരംഭിച്ച അലിഗാർ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകാൻ സാധിച്ചിട്ടില്ല. ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കാനാവില്ല.

ശ്രീ. പി.സി. വിഷ്ണുനാഥ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ ആവിഷ്കരിച്ച സപ്തധാര പദ്ധതിയിലുൾപ്പെട്ട 664 പദ്ധതി കളിൽ 374 എണ്ണം പൂർത്തിയാക്കുകയും 235 എണ്ണം പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഈ സർക്കാർ ചെറുപ്പക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്ക് രൂപം നൽകുകയും സ്കൂളു കളിൽ അഡീഷണൽ സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം നടപ്പിലാക്കുകയും ചെയ്തു. മുൻ സർക്കാർ നടപ്പാക്കിയ പെൻഷൻ ഏകീകരണ പിൻവ ലിച്ചുകൊണ്ട് സൂപ്പർ ന്യൂമററി ഉൾപ്പെടെയുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.യിലെ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്നതിനും ഈ സർക്കാർ ആർജ്ജവം കാണിച്ചിട്ടുണ്ട്. കുടുംബശ്രീ ക്കുവേണ്ടി 84 കോടി രൂപ അനുവദിക്കുകയും 600 കോടി രൂപ അപ്രോപ്രി യേഷനിലൂടെ പാസ്സാക്കുകയും 1112 കോടി രൂപ ചെലവാക്കുകയും ചെയ്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

ശ്രീ. എ.എ. അസീസ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ ജനജീവിതം ദുസ്സഹമാക്കിക്കൊണ്ടിരിക്കുകയാണ്. വിലവർദ്ധനവ് രൂക്ഷമാകുകയും വിവിധ മേഖലകളിൽ മാഫിയകൾ വളർന്നുവരികയും

ചെയ്യുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതുകാരണം തൊഴിലാളികൾ പട്ടിണിയിലായിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിനെതിരെ എല്ലാ വിഭാഗം ജനങ്ങളും പ്രക്ഷോഭത്തിലാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വരുമാനത്തിന്റെയും വിനിയോഗത്തിന്റെയും കാര്യത്തിൽ ഈ ഗവൺമെന്റ് മികവ് തെളിച്ചിരിക്കുകയാണ്. ഭരണ നിർവ്വഹണ രംഗത്ത് ദേശീയശ്രദ്ധ നേടാനും നിക്ഷേപകരെ ആകർഷിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കാരുണ്യ പദ്ധതിയിലൂടെ മൂന്ന് ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നത് സ്വാഗതാർഹമാണ്. അടിസ്ഥാന സൗകര്യ വികസന രംഗത്ത് കേരളം വലിയ മുന്നേറ്റം നടത്തുകയാണ്. കെ.എസ്.ടി.പി.യെ പുനരുജ്ജീവിപ്പിക്കുന്നതിന് സാധിച്ചു. പതിമൂന്ന് ഭാഷകൾ പഠിക്കാനുതകുംവിധം 'ഇംഗ്ലീഷ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി'-ക്ക് തുടക്കം കുറിക്കുകയാണ്. പുതിയ തലമുറയ്ക്കുവേണ്ടി "സ്കിൽ അക്വിസിഷൻ പ്രോഗ്രാം" നടപ്പിലാക്കുന്നു. ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനുവേണ്ടി ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജിയിൽ ഹാർഡ് വെയർ മാനുഫാക്ച്ചറിംഗ് നടത്തുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. ക്രമസമാധാനരംഗം മെച്ചപ്പെടുത്താൻ ആഭ്യന്തരവകുപ്പിന് സാധിച്ചിട്ടുണ്ട്.

ശ്രീ. എളമരം കരീം: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ് സർക്കാരിന്റെ പ്രവർത്തനങ്ങൾ എല്ലാ രംഗങ്ങളിലും പരാജയമാണ്. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സാമൂഹ്യക്ഷേമം, നൂറ് ദിന കർമ്മ പരിപാടി, കൊച്ചി മെട്രോ, വിഴിഞ്ഞം പദ്ധതി, മുതലായ കാര്യങ്ങ

ളിൽ പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള വാഗ്ദാനങ്ങളൊന്നും ഈ ഗവൺമെന്റ് പാലിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഒരു പദ്ധതി പോലും നടപ്പാക്കിയിട്ടില്ല. സ്വയം സംരംഭക മിഷൻ ഫലവത്താക്കാൻ കഴിഞ്ഞിട്ടില്ല. ആരോഗ്യരംഗം, ഐ.ടി., മുതലായ രംഗങ്ങളിൽ പുതിയ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല. കേരളത്തിൽ ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം സമ്പൂർണ്ണ പരാജയമാണ്. കോഴിക്കോട് ജില്ലാ കളക്ടറെ മണൽ മാഫിയ ആക്രമിച്ചതിനെതിരെ കേസ്സെടുക്കാൻപോലും തയ്യാറാകാത്ത സർക്കാർ രാഷ്ട്രീയ പ്രതിയോഗികളുടെ പേരിൽ കള്ള ക്കേസെടുത്ത് പ്രതികാരം ചെയ്യുന്നതിനാണ് ശ്രമിക്കുന്നത്. പ്രതിപക്ഷത്തിന് നീതി നിഷേധിച്ചുകൊണ്ട് ഭരണപക്ഷത്തെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ ജീവിത പ്രശ്നങ്ങളോട് നിഷേധാത്മകമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. തകർച്ചയെ നേരിടുന്ന കാർഷിക മേഖലയെ സംരക്ഷിക്കാൻ യാതൊരു നടപടികളും സർക്കാർ സ്വീകരിക്കുന്നില്ല. മലയോര മേഖലയെ സംരക്ഷിക്കുന്നതിന് കൊണ്ടുവന്ന പാക്കേജുകൾ ആ മേഖലയ്ക്ക് സഹായകരമാകുന്നില്ല. നാളികേര സംഭരണത്തിന് സംവിധാനമില്ലാതെ കർഷകർ ദുരിതമനുഭവിക്കുന്നു. വിലക്ക യറ്റംമൂലം ജനജീവിതം ദുരിതപൂർണ്ണമായിരിക്കുകയാണ്. പ്രതിപക്ഷത്തോടും ഭരണപക്ഷത്തോടും വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ച് നീതിന്യായ വ്യവസ്ഥയെ വെല്ലുവിളിക്കുകയാണ് സർക്കാർ ചെയ്യുന്നത്.

<u>ശ്രീ. മാത്യു.ടി. തോമസ്</u> : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭരണ നിർവ്വഹണത്തിൽ പക്ഷപാതപരമായ നിലപാട് സ്വീകരിക്കുന്ന സർക്കാരിന്റെ

സമീപനം നിഷേധാത്മകമാണ്. സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നിരിക്കുന്നത് ജനങ്ങളുടെ സ്വൈര്യജീവിതത്തെ സാരമായി ബാധിച്ചിരിക്കുകയാണ്. മണ്ണ്, മണൽ മാഫിയയുടെ അഴിഞ്ഞാട്ടം അതിരൂക്ഷമായിരിക്കുന്നു. പോലീസ് എയ്ഡ് പോസ്റ്റ് തകർത്തതിനെതിരെ കേസ്സെടുക്കാൻപോലും തയ്യാറാകാത്ത സർക്കാരാണിത്. സ്ത്രീകളെ ആക്രമിക്കുന്നവർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ തയ്യാറാകുന്നില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയവൈകല്യം മൂലം രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്ന സംസ്ഥാനത്ത് പാചകവാതക സിലിണ്ടറിന്റെ എണ്ണം കുറച്ച് ജനങ്ങളെ കൂടുതൽ ദുരിതത്തിലേയ്ക്ക് തള്ളിവിടുകയാണ് ഈ സർക്കാർ ചെയ്യുന്നത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സ്മാർട്ട് സിറ്റി പദ്ധതി ആരംഭിക്കാൻ കഴിഞ്ഞതും പൊതുമരാമത്ത് രംഗത്തും വിദ്യാഭ്യാസരംഗത്തും നിരവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. ലോകത്തിന്റെ സമ്പദ്ഘടനയെ നിയന്ത്രിക്കുന്ന തരത്തിൽ മഹത്തായ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ഉയർന്നുവരുമെന്ന കാര്യത്തിലും കേരളത്തെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന കാര്യത്തിലും യാതൊരു സംശയവുമില്ല. എമർജിംഗ് കേരളയിലൂടെ കേരളത്തിന്റെ നല്ല ഭാവി കരുപിടിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നിക്ഷ്പക്ഷമായി പോലീസ് ഇടപെടുന്നതുകൊണ്ടാണ് പ്രതിപക്ഷം പോലീസിനെ എതിർക്കുന്നത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കിക്കൊണ്ടുള്ള മാഫിയാ ഭരണമാണ് യു.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

തൃശ്ശൂർ ജില്ലയിൽ ആരംഭിക്കാനിരിക്കുന്ന 300 കിടക്കകളുള്ള ഒരു ആശുപത്രിക്ക് 50 തസ്തിക സൃഷ്ടിക്കാൻ നടപടിയുണ്ടാകണം. പാലക്കാട് കോച്ച് ഫാക്ടറിയും കൊച്ചിൻ മെട്രോയും ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം. ഇടതുപക്ഷമുന്നണി സർക്കാർ കേരളത്തിൽ വിഭാവന ചെയ്ത വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കണം. ക്രമസമാധാനനില പരിപൂർണ്ണമായും തകർന്നിരിക്കുന്നു. യു.ഡി.എഫ്. ഭരണത്തിന് ജനപിന്തുണ നഷ്ടപ്പെട്ടിരിക്കുകയാണ്. ഭൂമി ദാനവുമായി ബന്ധപ്പെടുത്തി പ്രതിപക്ഷനേതാവിനെതിരെ ഉന്നയിച്ച കേസ്സിന്മേൽ ഗവൺമെന്റിന്റെ അധികാര ദുർവിനിയോഗത്തെക്കുറിച്ച് കോടതി നിശിതമായി വിമർശിക്കുകയാണുണ്ടായത്. വാട്ടർ അതോറിറ്റി ജപ്പാൻ കുടിവെള്ളം പദ്ധതിയുടെ തുക വകമാറ്റി ചെലവഴിച്ചുവെന്നുള്ള പത്രവാർത്തയുടെ നിജസ്ഥിതി വ്യക്തമാക്കണം. റേഷൻ അരി വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. റേഷൻ കടകൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുന്ന സ്ഥിതി ഒഴിവാക്കണം. കഴിഞ്ഞ സർക്കാർ സബ്സിഡി ഇനത്തിൽ നൽകിക്കൊണ്ടിരുന്ന നിത്യോപയോഗ സാധനങ്ങൾ ഇപ്പോൾ വിലകൂട്ടി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇവയുടെ വില വർദ്ധിപ്പിച്ച നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അയൽ സംസ്ഥാനങ്ങളിൽനിന്ന് അരി വരാതിരുന്നതുകൊണ്ടാണ് അരിവില വർദ്ധിച്ചതെന്ന ന്യായം അംഗീകരിക്കാൻ കഴിയില്ല. എമർജിംഗ് കേരളയ്ക്കുവേണ്ടി 16 കോടി രൂപയിലധികം ചെലവഴിച്ചതിന് പിന്നിൽ ഒരു ലോബിയുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ വികസനത്തിന്റെ

പേരിൽ കോടിക്കണക്കിന് രൂപ ധൂർത്തടിക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ : ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സാമ്പത്തിക പ്രതിസന്ധി നിലനിന്ന കാലഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ റോഡുകളുടെ സ്ഥിതിയും ഇന്നത്തെ റോഡുകളുടെ സ്ഥിതിയും തമ്മിലുള്ള വ്യത്യാസം കാണാതെ പോകരുത്. എല്ലാ നിയോജകമണ്ഡലങ്ങളിലെയും വികസനപ്രവർത്തന ങ്ങൾക്ക് പണം അനുവദിക്കുന്നുണ്ട്. ഗ്യാസ് സിലിണ്ടർ ക്ഷാമത്തെ നേരിടാൻ ആശാവഹമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഈ ഗവൺമെന്റ് പക്ഷപാത പരമായ സമീപനം സ്വീകരിക്കുന്നുവെന്ന പ്രതിപക്ഷത്തിന്റെ വാദം യാഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതാണ്. എം.എൽ.എ. ഫണ്ട് ഒരു കോടി രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. സേവനാവകാശ നിയമം നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറായത് സർക്കാർ സുതാര്യമാണെന്നതിന്റെ തെളിവാണ്. പാവപ്പെട്ടവരുടെ വീട് നിർമ്മാണത്തിന് 600 കോടി രൂപ ഹഡ്കോയിൽനിന്ന് വായ്പ എടുക്കാൻ തീരുമാനിച്ച നടപടി സ്വാഗതാർഹ മാണ്. പട്ടിക വർഗ്ഗക്കാർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം 2.50 ലക്ഷം രൂപയായും പട്ടികജാതിക്കാർക്കും പൊതുവിഭാഗത്തിനും രണ്ട് ലക്ഷം രൂപയായും വർദ്ധിപ്പിച്ച നടപടി ഏറെ ആശ്വാസകരമാണ്. ജീവനക്കാരുടെ ക്ഷാമബത്ത കുടിശ്ശികയില്ലാതെ നൽകാൻ തയ്യാറായി. പാവപ്പെട്ടവർക്കുള്ള ചികിത്സാ ധനസഹായമായ കാരുണ്യ ബെനവലന്റ് ഫണ്ട് വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കുട്ടനാട്ടിലെ കൈനകരി വില്ലേജിൽ ഭൂരഹിത

കർഷകർക്ക് സർക്കാർ പതിച്ചുനൽകിയ ഭൂമി ഭൂമാഫിയയ്ക്ക് മറിച്ചുവിറ്റതിനെതിരെ നടപടിയെടുക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. ആ ഭൂമി തിരിച്ചുപിടിക്കാൻ വികസന പ്രവർത്തനങ്ങൾക്കും ഫണ്ട് അനുവദിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സർക്കാരാണിത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സഭ പാസ്സാക്കിക്കൊടുത്ത ബഡ്ജറ്റ് വിഹിതം ശരിയായ രീതിയിൽ വിനിയോഗിച്ച് വികസനപ്രവർത്തനങ്ങൾ നടത്താത്ത ഈ ഗവൺമെന്റിന് ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് പറയാൻ ധാർമ്മികമായ അവകാശമില്ല. സ്മാർട്ട് സിറ്റി, വിഴിഞ്ഞം പദ്ധതി തുടങ്ങിയ വൻ പദ്ധതികൾ അട്ടിമറിക്കപ്പെടുകയും കൊച്ചി മെട്രോയ്ക്ക് അനുവദിച്ച പണം സ്വകാര്യ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തിരിക്കുകയാണ്. പാലക്കാട് കോട്ട മൈതാനത്ത് കോച്ച് ഫാക്ടറിക്ക് തറക്കല്ലിട്ടുവെന്നതല്ലാതെ തുടർ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. എമർജിംഗ് കേരളയുടെ ഭാഗമായി തുടർ നടപടികളുണ്ടായില്ല. വിദ്യാഭ്യാസ രംഗം കുത്തഴിഞ്ഞിരിക്കുന്നു. സി.ബി.എസ്.ഇ. സ്കൂൾ വിഷയത്തിൽ കോടതിയുമായി ഒത്തുക്കളിക്കുകയും സർവ്വകലാശാലകളിൽ സ്വന്തക്കാരെ നിയമിക്കുകയും കോഴിക്കോട് സർവ്വകലാശാലയുടെ സ്ഥലം സ്വകാര്യ വ്യക്തിക്ക് പതിച്ചുനൽകുകയും ചെയ്തു. സഹകരണ പ്രസ്ഥാനം തകർക്കുകയും ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണ സമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുകയും ചെയ്തു. സഹകരണ മേഖലയിലെ നിക്ഷേപത്തുക സ്വകാര്യ ബാങ്കുകളിലേയ്ക്ക് തിരിച്ചുവിടാനുള്ള നീക്കം പ്രതിഷേധാർഹമാണ്. സംസ്ഥാനത്ത് നിലനിൽക്കുന്ന രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കാൻ ഈ സർക്കാരിന് കഴിയുന്നില്ല എന്ന് മാത്രമല്ല, കഴിഞ്ഞ എൽ.ഡി.

എഫ്. ഗവൺമെന്റ് റേഷൻ കടകളിലൂടെ പതിമൂന്ന് ഇനം അവശ്യസാധനങ്ങൾ നൽകിയിരുന്ന പദ്ധതി നിറുത്തലാക്കുകയും ചെയ്തു. നാട്ടിൽ ക്രമസമാധാനം തകരുകയും കൊള്ള, കൊലപാതകം, സ്ത്രീപീഡനം എന്നിവ വർദ്ധിച്ചുവരികയുമാണ്. . ക്വാറി-മണൽ മാഫിയകൾ നാടുവാഴുകയാണ്. വിജിലൻസ് വകുപ്പുമന്ത്രിയുടെ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന ടെസിൽ എന്ന കമ്പനിക്ക് വഴിവിട്ട ഇളവുകൾ നൽകിയത് സംബന്ധിച്ച് നിലനിൽക്കുന്ന ഹൈക്കോടതിയിലെ കേസിനുപുറമെ സി.ബി.ഐ. അന്വേഷണത്തിന് തയ്യാറാണോയെന്ന് സർക്കാർ വ്യക്തമാക്കണം. കർഷക ആത്മഹത്യകൾ വർദ്ധിച്ചിരിക്കുകയാണ്. നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാനും അത് കൃഷികാർക്ക് സമയബന്ധിതമായി ലഭ്യമാക്കാനും നടപടിയുണ്ടാകണം. ഈ സർക്കാരിന് അധികാരത്തിൽ തുടരാൻ ധാർമ്മികമായ അവകാശമില്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u> : കോർപ്പറേറ്റ് കമ്പനിയുമായി ബന്ധപ്പെട്ട ഫയൽ ഓഫീസിൽ വച്ചുതാമസിപ്പിച്ചതുകൊണ്ട് സി.ബി.ഐ. അന്വേഷണത്തിന് പോകാൻ കഴിഞ്ഞില്ല എന്നാരോപിച്ച് ഹോം സെക്രട്ടി, മുൻ ചീഫ് സെക്രട്ടറി, വിജിലൻസ് വകുപ്പുമന്ത്രി എന്നിവരെ പ്രതികളാക്കി ജോമോൻ പുത്തൻപുരയ്ക്കൽ സമർപ്പിച്ച പെറ്റീഷനുമേൽ വിജിലൻസ് കോടതി അനുകൂല സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമം വർദ്ധിച്ചുവെന്ന പ്രതിപക്ഷ ആരോപണം യഥാർത്ഥ വസ്തുതയ്ക്ക് വിരുദ്ധമാണ്. കല്ലൂപ്പാറ ക്ഷേത്ര കയ്യേറ്റ കേസിലുൾപ്പെട്ട ആറ് പ്രതികളിൽ 5 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആനിക്കാട്, മല്ലപ്പിള്ളി കേസുകളിൽ ഉൾപ്പെട്ട ആസാം സ്വദേശികളായ പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള

നടപടി സ്വീകരിച്ചിട്ടുണ്ട്. ലാ ആന്റ് ഓർഡർ സിറ്റുവേഷനിൽ കേരളം ഒന്നാം സ്ഥാനത്താണെന്നാണ് ഇന്ത്യാ ടുഡേ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാടിൽനിന്ന് പുറകോട്ടുപോകുന്ന പ്രശ്നമില്ല. നീതിയുടെ പാതയിൽ സഞ്ചരിക്കുന്ന ഗവൺമെന്റിനെ അതിൽനിന്ന് പുറകോട്ടുവലിക്കുന്നതിനുവേണ്ടിയുള്ള ഭീഷണിപ്പെടുത്തലുകൾ നടത്തുന്നത് രാഷ്ട്രീയ പാർട്ടികൾക്ക് ഭൂഷണമല്ല. എം.എം. മണി വിവാദ പ്രസംഗം നടത്തിയതു സംബന്ധിച്ച കേസിൽ ഹൈക്കോടതിയും സുപ്രീം കോടതിയും തീരുമാനിച്ചതിനുശേഷമാണ് ഗവൺമെന്റ് അക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളത്.

(ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനടുത്തുവന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും പ്രതിപക്ഷ നേതാവിന്റെ പ്രസ്താവനയ്ക്കുശേഷം സഭ ബഹിഷ്ക്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കണ്ണൂർ വിമാനത്താവളത്തിന്റെ പരിസ്ഥിതി ക്ലിയറൻസ് സെൻട്രൽ അപ്രൈസൽ കമ്മിറ്റിയിൽ നിന്നും എത്രയും വേഗം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. 2013 മാർച്ച് ആദ്യവാരത്തോടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കത്തക്ക വിധത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. പ്രസ്തുത വിമാനത്താവളവുമായി ബന്ധപ്പെട്ട് AECOM-നെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുണ്ടായ പരിസ്ഥിതി ക്ലിയറൻസ് വാങ്ങി നിർമ്മാണ പ്രവർത്തനം ആരംഭി

ക്കാൻ സാധിക്കത്തക്ക വിധത്തിൽ മുന്നോട്ടു പോകുന്നു. വിഴിഞ്ഞം തുറമുഖത് 18,000 ടി.യു. കപ്പാസിറ്റിയുള്ള രണ്ട് മദർഷിപ്പുകൾക്ക് ഒരേ സമയം ടെർമിനലിൽ വരത്തക്കവിധമാണ് ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനം രൂപകൽപന ചെയ്തിട്ടുള്ളത്. തുറമുഖ വകുപ്പിന്റെ പദ്ധതി വിഹിതമായ 23 കോടി രൂപയിൽ 11 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ബാക്കി 12 കോടി രൂപ കൊല്ലം പോർട്ടിന്റെ മൊബൈൽ ക്രെയിൻ വാങ്ങുന്നതിന് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറമുഖ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്ത് പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിച്ച് മറ്റു പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയായി വരികയാണ്. ബാർ ഹോട്ടലുകളുടെ എണ്ണം വർദ്ധിക്കുന്നതിനാൽ ത്രീ സ്റ്റാർ, ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുക്കേണ്ടായെന്ന് തീരുമാനിക്കുകയും കെ.എസ്.ബി.സി.യുടെ ഔട്ട്ലെറ്റുകൾ ആരംഭിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഇൻകം സപ്പോർട്ട് സ്കീം മുഖേന കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് നൽകുന്ന തുക 210 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്കീമിൽ ഒൻപതരക്കോടി രൂപയിലധികം ചെലവഴിക്കുകയും ബാക്കി തുക കയർപിരി മേഖലയിലെ തൊഴിലാളികൾ രജിസ്റ്റർ ചെയ്യുന്നമുറയ്ക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിലെ ഡിമാന്റ് ഫോർ ഗ്രാന്റ്സും

2012 ജൂലൈയിലെ ആദ്യത്തെ സപ്ലിമെന്ററി ഡിമാന്റ് പാസ്സാക്കിയതും ഈ സപ്ലിമെന്ററി ഡിമാന്റിൽ 43 കോടി രൂപ പാസ്സാക്കുകയും ചെയ്യുമ്പോൾ ആകെ 69,763 കോടി രൂപയാണ് നിയമസഭ പാസ്സാക്കുന്നത്. ഇതിൽ കണ്ടിജൻസി ഫണ്ടിൽനിന്നും ചെലവഴിച്ചിരിക്കുന്നത് 23 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെനികുതി വരുമാനം വഴിയുള്ള വരവിന്റെ ഗ്രോത്ത് റേറ്റിനേക്കാൾ ചെലവിന്റെ ഗ്രോത്ത് റേറ്റ് കുറഞ്ഞുകൊണ്ടിരിക്കുന്നത് മികച്ച ധനകാര്യമാനേജ്മെന്റാണ് കാണിക്കുന്നത്. ഇത്തരത്തിലാണെങ്കിൽ ഇക്കൊല്ലത്തെ റവന്യൂ ഡെഫിസിറ്റും ഫിസ്ക്കൽ ഡെഫിസിറ്റും കുറച്ചുകൊണ്ടു വരാൻ സാധിക്കും. പ്ലാൻ ഫണ്ട് 91 ശതമാനം ചെലവഴിച്ച ഈ സർക്കാരിനെ വിമർശിക്കുന്നത് വിരോധാഭാസമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കോ-ഓപ്പറേററീവ് മേഖലയിൽ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കിയാൽ ലഭിക്കുമായിരുന്ന 1100 കോടി രൂപ പാഴാക്കി. കഴിഞ്ഞ രണ്ട് വർഷംകൊണ്ട് വികസന രംഗത്ത് 15,000 കോടി രൂപയുടെ വർദ്ധനവ് ഉണ്ടാക്കി. ഡെവലപ്മെന്റൽ എക്സ്പെൻഡിച്ചറും ക്യാപിറ്റൽ എക്സ്പെൻഡിച്ചറും വർദ്ധിപ്പിച്ചു. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന 250 പദ്ധതികളിൽ 205 പദ്ധതികൾക്ക് എ.എസ്. കൊടുത്തു. എം.എൽ.എ. മാർക്ക് ആസ്തി വികസന ഫണ്ട് അനുവദിക്കുന്നതിനായി പുതിയൊരു പ്രൊസിഡ്യുവർ തയ്യാറാക്കി. നവംബർ മാസം വരെയുള്ള സോഷ്യൽ സെക്യൂരിറ്റി പെൻഷന്റെയും ആഗസ്റ്റ് മാസം വരെയുള്ള പി.ഡബ്ല്യു.ഡി. ബില്ലുകളുടെയും കുടിശ്ശിക കൊടുത്തുതീർത്തു. 2012-13 സാമ്പത്തിക വർഷത്തിൽ കൃഷിക്കുവേണ്ടി 2053 കോടി രൂപ അനുവദിച്ചതിൽ 1100 കോടി രൂപ

കൊടുക്കുകയും പൊതുവിതരണ സമ്പ്രദായത്തിലെ സബ്സിഡി വർദ്ധിപ്പി ക്കുകയും ചെയ്തു. സി.എച്ച്.സി.യായി ഉയർത്തിയ ആശുപത്രികളിൽ ആവ ശ്യത്തിന് സ്റ്റാഫിനെ നിയമിച്ചു. തിരുവല്ല ബൈപ്പാസ് നിർമ്മാണം സംബ ന്ധിച്ച ഫയൽ സമർപ്പിക്കുന്ന മുറയ്ക്ക് ക്ലിയറൻസ് കൊടുക്കുന്നതാണ്. അപ്പർ കുട്ടനാട്ടിൽ റൈസ്മിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തിട്ടുണ്ട്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കു ന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസു കളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാ ഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥ നയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗര വികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥ

നയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യ ബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.50-ന് പിരിഞ്ഞു.

******